13.07.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/07/2024

1. തിരുവനന്തപുരം നബാർഡ്, എസ്.എഫ്.ഡി.സി., ഒ.എൻ.ഡി.സി. എന്നിവരുടെ പങ്കാളിത്തത്തോടെ കാർഷിക വിപണനമേള നടത്തുന്നു. 12 മുതൽ 14 വരെ അയ്യങ്കാളി ഹാളിലാണ് മേള. നാൽപ്പതിലേറെ കർഷക ഉത്പാദക സംഘങ്ങളുടെ നൂറ്റിയമ്പതോളം ഉത്പന്നങ്ങൾ വിപണത്തിനു തയ്യാറാക്കിയിട്ടുണ്ട്.

2. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള Tata Ace HT 2009മോഡലിലുള്ള 2 Covered Goods വാഹനങ്ങൾ നിലവിലെ സ്ഥിതിയിൽ ക്വട്ടേഷൻ/ പരസ്യലേലം വ്യവസ്ഥയിൽ പുനർലേലം ചെയ്യുന്നു. ലേല സ്ഥലം: കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, ലേല തീയതിയും സമയവും 24/07/2024 ന് രാവിലെ 11.30 മണിക്ക്. ക്വട്ടേഷൻ അന്നേ ദിവസം രാവിലെ 11.15 മുതൽ 11.30 വരെ സ്വീകരിക്കുന്നതാണ്. നിരതദ്രവ്യം 6000 രൂപ (3000x2). കൂടുതൽ വിവരങ്ങൾക്ക് 9495000929 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ചിക്കൻ ഫാം ആരംഭിക്കുന്നതിന് അർഹരായ കുടുംബശ്രീ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നിലവിൽ 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഫാം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ ഫാം ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൻറെ സർട്ടിഫിക്കറ്റ് എന്നിവ ഉള്ള കുടുംബശ്രീ അംഗങ്ങൾക്ക് (വ്യക്തി / ഗ്രൂപ്പ്) അപേക്ഷിക്കാം. അപേക്ഷ ഫോറം സിഡിഎസ്സിൽ നിന്നും ലഭിക്കും. ഫോൺ: 0497 2702080.

4. പഠനത്തോടൊപ്പം സ്റ്റൈപെൻറ് ലഭിക്കുന്ന Skill Vigyan Programme എന്ന പരിപാടി എം എസ് സ്വാമിനാഥൻ ഗവേഷണ നിലയം സംഘടിപ്പിക്കുകയാണ്. കൂൺ

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉത്പാദനം, ടിഷ്യൂ കൾച്ചർ, ജൈവ കൃഷി എന്നിങ്ങനെ മൂന്നു വിഷയങ്ങളിൽ 390 മണിക്കൂർ നീണ്ടു നിൽക്കുന്ന കോഴ്സ് ആയിട്ടാണ് പരിപാടി ക്രമീകരിച്ചിരിക്കുന്നത്. ഓരോ വിഷയത്തിലും 20 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. പ്ലസ്ടു അടിസ്ഥാന യോഗ്യത ഉള്ള ആർക്കും പരിപാടിയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 9496279650, 9388020650 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. 2023-24 അധ്യയന വർഷത്തിൽ എസ്എസ്എൽസി, പ്ലസ്ടു, വിഎച്ച്എസ്ഇ എന്നീ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ മത്സ്യത്തൊഴിലാളികളുടേയും അനുബന്ധമത്സ്യത്തൊഴിലാളികളുടേയും മക്കൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പാരിതോഷികം നൽകുന്നു. എസ്എസ്എൽസി പരീക്ഷയിൽ 10 എ പ്ലസ്, ഒമ്പത് എ പ്ലസ്, എട്ട് എ പ്ലസ് എന്നീ ഗ്രേഡ് ലഭിച്ച കട്ടികൾക്ക് യഥാക്രമം 5,000, 4,000, 3,000 രൂപ വീതവും പ്ലസ്ട, വിഎച്ച്എസ്ഇ പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്ക് 5,000 രൂപയുമാണ് പാരിതോഷികം. 2023-24 വർഷത്തിൽ കായിക വിനോദ മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്കും പാരിതോഷികം നൽകും. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ക്ഷേമനിധി പാസ്സ്ബുക്ക് പകർപ്പ്, മാർക്ക് ലിസ്റ്റിൻ്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, കുട്ടിയുടെ ആധാർ കാർഡ് പകർപ്പ്, ബാങ്ക് പാസ്സ്ബുക്ക് പകർപ്പ് എന്നിവ സഹിതം ജൂലായ് 15 നകം അതാത് ഫിഷറീസ് ഓഫീസുകളിൽ സമർപ്പിക്കണം. ഫോൺ: 0497 2734587.

6. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ നെടിയ ഇനം തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് 0485 2554240, 8547992819 എന്ന നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് ജൂലൈ 17 ന് തെങ്ങ്, സുഗന്ധവിളകൾ, വാഴ, പച്ചക്കറി വിളകൾ തുടങ്ങിയവയിലെ *മഴക്കാലരോഗകീട നിയന്ത്രണം* എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരീശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 9567804551, 0496 2966041 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കേരള കാർഷിക സർവ്വകലാശാലയുടെ ഇപഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ജൂലൈ 17 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ജൂലൈ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ജൂലൈ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സവേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.